**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2864** **13-03-2020 ൽ മറുപടിക്ക്**

**കാർഷിക ആവശ്യങ്ങൾക്ക് ഭൂമി പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014 ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ഹിൽട്രാക്ക് പ്രദേശങ്ങളിൽ നാല് ഏക്കർ വരെയും സമതല പ്രദേശങ്ങളിൽ രണ്ട് ഏക്കർ വരെയും സ്ഥലം കാർഷിക ആവശ്യങ്ങൾക്ക് പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | (എ) | 30.09.2014 ലെ ജി.ഒ (പി) 425/2014/ആർ.ഡി നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ സമതല പ്രദേശത്ത് 2 ഏക്കർ കരഭൂമിയോ നിലമോ പതിച്ച് നൽകാവുന്നതും, മലയോരപ്രദേശത്ത് 2 ഏക്കർ നിലമോ 4 ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്. ജലസേവന സൗകര്യമുള്ള ഭൂമിയാണെങ്കിൽ 2 ഏക്കർവരെ മാത്രമേ പതിച്ച് നൽകാൻ കഴിയുകയുള്ളൂ. |
| (ബി) GO (MS) 280/11 റവന്യൂ പ്രകാരം ഭൂരഹിതർക്ക് വീട് വച്ച് താമസിക്കുവാൻ വേണ്ടി പതിനഞ്ച് സെന്റ് സ്ഥലത്തിന് മാത്രമേ പട്ടയം നല്കിവരുന്നുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) 2014 ലെ ഭേദഗതി പ്രകാരം കോതമംഗലം താലൂക്കിൽ ഹിൽട്രാക്ക് പ്രദേശത്ത് 4 ഏക്കറും, സമതല പ്രദേശങ്ങളിൽ രണ്ട് ഏക്കറും ഭൂമിയ്ക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 05/02/2020 ൽ റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ GO (MS) 280/11 ന് ആവശ്യമായ ക്ലാരിഫിക്കേഷൻ നൽകണമെന്ന തീരുമാനത്തിൽ കൈക്കൊണ്ട തുടർ നടപടി വിശദമാക്കാമോ; | (സി) യും (ഡി) യും (ഇ) യും | 27.07.2011 ലെ ജി.ഒ (എം.എസ്) 280/2011/ആർ.ഡി നമ്പർ ഉത്തരവിൽ ആവശ്യമായ ക്ലാരിഫിക്കേഷൻ നൽകുന്ന കാര്യം U3/282/റവ എന്ന ഫയലിൽ പരിശോധിച്ച് വരുന്നു. |
| (ഡി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ U2/282/Rev- എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | | |
| (ഇ) പ്രസ്തുത ഫയലിൽ സത്വര തീരുമാനമെടുത്ത് GO (MS) 280/11 ന് ആവശ്യമായ ക്ലാരിഫിക്കേഷൻ നല്കി കോതമംഗലം താലൂക്കിലെ പട്ടയ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**